**പതിമൂന്നാം കേരള നിയമസഭ**
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ T 5383.

**01.07.2014 - ലെ മറുപടിയ്ക്ക്**

**<u>സമഗ്ര അപകട ഇൻഷ്വറൻസ് പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.രാജു | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) അപകടങ്ങളിൽ പരുക്കേൽക്കുന്നവരുടെ എണ്ണത്തിൽ രാജ്യത്ത് മുൻനിരയിലാണ് കേരളം എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (ബി) ഇത്തരം അപകടങ്ങളിൽപ്പെടുന്നവരിൽ പലർക്കും വലിയ ചെലവ് വരുന്ന അപകട ചികിത്സകൾ നടത്തുവാൻ കഴിയാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (സി) സ്വകാര്യ സ്ഥാപനങ്ങൾ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നുവെങ്കിലും വിവിധ കാരണങ്ങൾ പറഞ്ഞ് ഇൻഷ്വറൻസ് തുക നിഷേധിക്കുന്ന സാഹചര്യത്തിൽ എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ഒരു സമഗ്ര അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഇല്ല. എല്ലാ വിഭാഗം ജനങ്ങളെയും ഉൾപ്പെടുത്തി ഒരു സമഗ്ര അപകട ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയാണെങ്കിൽ ടി പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും പൊതു മേഖലാ ഇൻഷ്വറൻസ് കമ്പനികളും ചേർന്ന് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ